<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4162**</u> <u>**28-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**സപ്ലൈകോയുടെ നെല്ല് സംഭരണം**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. രമ</td><td colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും 2016 മുതൽ നാളിതുവരെ ഓരോ സീസണിലും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ അളവ് എത്ര വീതം ആണെന്ന് അറിയിക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും 2016 മുതൽ നാളിതുവരെ ഓരോ സീസണിലും സംഭരിച്ച നെല്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:
<table>
<tr><th>സീസൺ<br>(KMS)</th><th>സംഭരിച്ച നെല്ല്<br>(കി.ഗ്രാം)</th></tr>
<tr><td>2016-17</td><td>45,28,10,206</td></tr>
<tr><td>2017-18</td><td>48,44,65,451</td></tr>
<tr><td>2018-19</td><td>69,38,11,952</td></tr>
<tr><td>2019-20</td><td>70,93,96,693</td></tr>
<tr><td>2020-21</td><td>76,48,85,393</td></tr>
<tr><td>2021-22</td><td>74,84,03,193</td></tr>
<tr><td>2022-23</td><td>73,11,83,563</td></tr>
<tr><td>2023-24 (upto20/06/2024)</td><td>55,82,25,638</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത കാലയളവിൽ ഓരോ സീസണിലും സംസ്ഥാനത്തെ നെൽ കർഷകർക്ക് അനുവദിച്ച താങ്ങുവില എത്ര രൂപ വീതമായിരുന്നു; അതിന്റെ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(ബി)</td><td>2016 മുതൽ നാളിതുവരെ ഓരോ സീസണിലും നെൽ കർഷകർക്ക് അനുവദിച്ച താങ്ങുവിലയിൽ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു.<br><br>2021-22 മുതൽ കർഷകന്റെ അക്കൗണ്ടിലേയ്ക്ക് കിലോയ്ക്ക് 12 പൈസ കൈകാര്യ ചെലവായി നൽകി വരുന്നു.</td></tr>
<tr><td>(സി)</td><td>സപ്ലൈകോ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് വിപണനം ചെയ്യുന്നതിനായി തുടർന്നുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;</td><td>(സി)</td><td>കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തിരം സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിനെ ഏൽപ്പിക്കുകയാണ് സപ്ലൈകോ ചെയ്യുന്നത്. സപ്ലൈകോ നെല്ല് വിപണനം ചെയ്യുന്നില്ല.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | 2016 മുതൽ നാളിതുവരെ ഓരോ സീസണിലും സപ്ലൈകോ നെല്ലുകർഷകരിൽ നിന്നും സംഭരിച്ച നെല്ല് വിറ്റ വില, സംഭരണ ചെലവ്, വിതരണ ചെലവ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ഡി) | 2016-17 മുതൽ നാളിതുവരെ (20/06/2024) ഓരോ സീസണിലും നെൽ കർഷകരിൽ നിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വിവരങ്ങളും ആയതിന് കർഷകർക്ക് അർഹമായ തുകയുടെ വിവരങ്ങളും അനുബന്ധം II ആയി ചേർക്കുന്നു.<br><br>സപ്ലൈകോ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തിരം സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിനെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. സപ്ലൈകോ നെല്ല് വിപണനം ചെയ്യുന്നില്ല. |
| (ഇ) | സപ്ലൈകോ സംഭരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഏതൊക്കെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അപ്രകാരം ഒരു നിഗമനത്തിൽ എത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | **2021-22ൽ സപ്ലൈകോ 2,53,237 കർഷകരിൽ നിന്നും 1,85,889 Ha കൃഷിഭൂമിയിലെ 7.48 LMT നെല്ലും 2022-23ൽ 2,49,593 കർഷകരിൽ നിന്നും 1,92,026 Ha കൃഷിഭൂമിയിലെ 7.3 LMT നെല്ലുമാണ് സംഭരിച്ചത്. 2023-24 സീസണിലെ നെല്ല് സംഭരണം ഇപ്പോഴും തുടരുന്നതിനാൽ ആയതിന്റെ വിവരങ്ങളുമായി ഇത് താരതമ്യം ചെയ്യിട്ടില്ലാത്തതാണ്. എഫ്.സി.ഐ. (Food Corporation of India) നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. സപ്ലൈകോയിൽ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്യുന്നത് കർഷകരുടെ വിവേചനത്തിനു വിധേയമായിട്ടാണ്. എല്ലാ നെൽകർഷകരും നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്യണമെന്നില്ല അഥവാ രജിസ്റ്റർ ചെയ്താലും അവർ ഉത്പാദിപ്പിച്ച മുഴുവൻ നെല്ലും സംഭരണത്തിന് നല്കണമെന്നുമില്ല. ആയതിനാൽ കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ അടിസ്ഥാനത്തിൽ മാത്രം സംസ്ഥാനത്തെ നെൽകൃഷിയിലെ വർദ്ധനവ്/കുറവ്-നെ കുറിച്ച് വ്യക്തമായി പറയാൻ സാധിക്കാത്ത സാഹചര്യമാണ്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| സീസൺ (KMS) | കേന്ദ്ര വിഹിതം (MSP(Rs)/kg | സംസ്ഥാന വിഹിതം SIB(Rs)/kg | സംഭരണ വില (Rs)/kg | കൈകാര്യ ചെലവ് (Rs)/kg | കർഷകന് നൽകുന്ന നെല്ലിന്റെവില (Rs)/kg |
|---|---|---|---|---|---|
| 2016-17 | 14.7 | 7.8 | 22.5 | ഈ വർഷങ്ങളിൽ കൈകാര്യ ചെലവായ 12 പൈസ(കിലോയ്ക്ക്) മില്ലുകൾ കർഷകർക്ക് നേരിട്ട് നല്കുകയും, മില്ലുകൾക്ക് സപ്ലൈകോ പ്രോസസ്സിംങ് ചാർജിൽ ഉൾപ്പെടുത്തി നൽകുകയും ചെയ്തിരുന്നു. | |
| 2017-18 | 15.5 | 7.8 | 23.3 | | |
| 2018-19 | 17.5 | 7.8 | 25.3 | | |
| 2019-20 | 18.15 | 8.8 | 26.95 | | |
| 2020-21 | 18.68 | 8.8 | 27.48 | | |
| 2021-22 | 19.4 | 8.6 | 28 | 0.12 | 28.12 |
| 2022-23 | 20.4 | 7.8 | 28.2 | 0.12 | 28.32 |
| 2023-24 | 21.83 | 6.37 | 28.2 | 0.12 | 28.32 |

<u>അനുബന്ധം II</u>

| സീസൺ (KMS) | സംഭരിച്ച നെല്ല് QTY(കി.ഗ്രം) | കർഷകർക്ക് അർഹമായ തുക (കോടിയിൽ) |
|---|---|---|
| 2016-17 | 45,28,10,206 | 1018.823 |
| 2017-18 | 48,44,65,451 | 1128.805 |
| 2018-19 | 69,38,11,952 | 1755.344 |
| 2019-20 | 70,93,96,693 | 1911.824 |
| 2020-21 | 76,48,85,393 | 2101.905 |
| 2021-22 | 74,84,03,193 | 2104.51 |
| 2022-23 | 73,11,83,563 | 2070.712 |
| 2023-24 (upto 20/06/2024) | 55,82,25,638 | 1580.895 |